# ശൈശവ വിവാഹം- ഒരു വീക്ഷണം

**സുധീർ പണിക്കവീട്ടിൽ**

പെൺപണം എന്ന പേരിൽ പെൺക്കുട്ടികളുടെ മാതാപിതാക്കൾക്ക് ഒരു നിശ്ചിത തുക കൊടുക്കുന്ന സമ്പ്രദായം ചില രാജ്യങ്ങളിൽ നില നിന്നിരുന്നു. പെൺകുട്ടിയുടെ പ്രായം എത്രത്തോളം കുറഞ്ഞിരിക്കുന്നോ അത്രക്ക് പണം കൂടുതൽ കിട്ടും. പെൺകുട്ടികളെ നന്നെ ചെറുപ്പത്തിലെ കെട്ടിച്ച് വിടാൻ മേൽപറഞ്ഞ ദ്രവ്യം പ്രലോഭനമായി. ഭാരതത്തിലെ രാജക്കന്മാർക്ക് ഓരോ രാത്രി ഒരോ കന്യക എന്ന ആഡംബരമുണ്ടായിരുന്നു. ഒരു രജപുത്ര രാജാവിനു അങ്ങനെ മണിയറയിൽ എത്തുന്ന പെൺകുട്ടികൾ ലൈംഗിക വേഴ്ച്ചക്ക് വഴങ്ങാതെ എതിർക്കുന്നവരാകണമെന്ന് നിർബന്ധമുണ്ടായിരുന്നു. അർദ്ധസമ്മത്തുണ്ടായാൽ രാജാവ് കൈകൾ കൊട്ടും " ആരവിടെ, ഇവളെ കൊണ്ട് പോകൂ". കന്യാകത്വം കവർന്നെടുക്കുന്നതിൽ ( ബലാത്സംഗം എന്ന മറുവാക്ക്) ആയിരുന്നു അദ്ദേഹത്തിനു ആനന്ദം. ഇതിനായി എട്ടും പൊട്ടും തിരിയാത്ത പെൺക്കുട്ടികളെ ഉപയോഗിച്ച് വന്നു. തിരുവായ്ക്ക് എതിർവായില്ലായിരുന്ന കാലത്ത് മാതാപിതാക്കൾ തങ്ങളുടെ മക്കൾ ഋതുമതികളായാൽ രാജാവിൽ നിന്നും രക്ഷപ്പെടാൻ ഉടനെ കല്യാണം കഴിപ്പിച്ച്കൊടുത്തു. കാരണം കന്യകയല്ലെങ്കിൽ രാജാവ് കൈവക്കുകയില്ല.. നമ്മുടെ കേരളത്തിലും ഒരു സവർണ്ണ വിഭാഗം ഇങ്ങനെ പെൺക്കുട്ടികളുടെ കന്യകാത്വം അവരുടെ ജന്മാവകാശമായി കരുതിയിരുന്നു. സന്ധ്യ കറുക്കുമ്പോൾ ഋുതുമതിയായ പെൺകുട്ടിയുടെ വീട്ടിലേക്ക് നാലാൾ താങ്ങുന്ന പല്ലക്കിൽ തംബൂലം ചവച്ച് കാമൻ തുടികൊട്ടുന്ന മനസ്സുമായി സഞ്ചരിച്ചിരുന്ന കാമപേക്കോലങ്ങൾ. അങ്ങനെ അടിക്കടി പെൺകുട്ടികൾ ഋതുമതികളാകുമ്പോൾ പകലും രാത്രിയാകാൻ കൊതിച്ചവർ. ഇങ്ങനെ കിളുന്ത് പെൺക്കുട്ടികളെ കാമപൂർത്തിക്കായി നോക്കി നടക്കുന്നവർ കുറേശ്ശെ കാമചാപല്യങ്ങൾ കാട്ടിയ ഒരു പെൺക്കുട്ടിയെ കണ്ടുമുട്ടിയതിനെക്കുറിച്ച് വെൺമണി മഹൻ ഒരു ശ്ലോകം രചിച്ചിട്ടുണ്ട്.

കുളിർമുലകളുരുണ്ടില്ലോമനേ! നീ തിരണ്ടി-
ല്ലതിനിടയിലനംഗന്നായിരം വില്ലൊടിഞ്ഞു
കളമൊഴി! തവ വായ്ക്കും യൗവ്വനം വന്നുദിക്കു-
ന്നളവിലിഹ ഭവിക്കും ഘോഷമെന്തായിരിക്കും.

ചില പെൺകുട്ടികളിൽ താരുണ്യം നേരത്തെ തളിരിടുന്നു. മഹാഭാരതത്തിലെ കുന്തിയെപ്പോലെ ജിജ്ഞാസവതികളായ പെൺകുട്ടികൾ കർണ്ണന്മാരെ പ്രസവിക്കുന്നു. ക്ഷണിക നേരത്തെ ജിജ്ഞാസയും അതിന്റെ ശമനവും ജീവിതകാലം മുഴവൻ അവരെ വേട്ടയാടുന്നു. അതിനാൽ പെൺകുട്ടികൾ ഉള്ള മാതാപിതാക്കൾക്ക് എന്നും വേവലാതി തന്നെ. അതിനു ശൈശവ് വിവാഹം പ്രതിവിധിയല്ലെന്ന് മൻസ്സിലാക്കുന്നവർ വിരളം.

ഇന്ത്യ ശൈശവ വിഹാഹത്തിനെതിരെയുള്ള പ്രമേയത്തിൽ ഒപ്പ് വക്കാത്തതിനെ തികച്ചും രാഷ്ട്രീയ പ്രേരിതം എന്ന് അനുമാനിക്കാവുന്നതാണു. ഭാരതത്തിലെ മുസ്ലീം സമുദായങ്ങളെ സന്തോഷിപ്പിക്കാനും തന്മൂലം വോട്ടുകൾ ഉറപ്പാക്കാനുമുള്ള ഒരു ഒളിച്ച് കളിയാകാം ഈ പിന്മാറ്റം. കാരണം ശിശു വിവാഹത്തിനിതിരെ ഇന്ത്യ എപ്പോഴും എതിരായിരുന്നതിന്റെ തെളിവാണു 1929ൽ പെൺകുട്ടികളുടെ വിവാഹം 12 വയസ്സായി ഉയർത്തിയത്. പിന്നീട് 1978 ൽ അത് 18 വയസ്സാക്കി. എന്നാൽ ഒരു മതവിഭാഗവും ഇത് അനുസരിച്ചിരുന്നില്ല. പെൺകുട്ടി ഋതുമതിയായാൽ പണ്ട് കാലത്ത് മാതാപിതാക്കൾക്ക് പ്പരിഭ്രമം തുടങ്ങുകയായി. തറവാടിന്റെ മാനം പെൺക്കുട്ടികൾ പിഴച്ച്പോയാൽ പോകുമെന്ന് ഭയത്തിൽ അവരെ വിവാഹം കഴിച്ചയക്കുകയാണ ്പതിവ്. . അപ്പോൾ നമ്മുടെ നാട്ടിലെ സാമൂഹ്യ അവസ്ഥയാണു ഈ അനാചരത്തിന്റെ ചുക്കാൻ പിടിക്കുന്നത് എന്ന് കാണം.

.ഋതുമതിയായ പെണ്ണ് പുര നിറഞ്ഞ് നിൽക്കുന്നു എന്നാണു നമ്മുടെ കേരളീയർ കരുതിയിരുന്നത്. സ്ത്രീധനം കൊടുക്കേണ്ട ഭാരിച്ച് ചുമതലയും അവരെ അലട്ടിയിരുന്നു. വാസ്തവത്തിൽ സ്ത്രീധനം വളരെ തെറ്റിധരിക്കപ്പെട്ട ഒരാചാരമാണു. പെണമക്കൾക്ക് മാതാപിതാക്ക്കളുടെ സ്വത്തിൽ അവകാശമില്ലാതിരുന്ന കാലത്ത് അവർക്ക് വിവാഹസമയത്ത് നൽകുന്ന പൊന്നും പണവുമാണു ഇത്. ഇന്ന് മക്കൾക്കെല്ലം തുല്ല്യാവകാശമുള്ള സ്ഥ്തിക്ക് ഇതൊരു ദുരാചാരമാകേണ്ട കാര്യമില്ല. പക്ഷെ സമുദായമെന്ന സാത്താനെ പിടിച്ച്കെട്ടാനും ചങ്ങലക്കിടാനും ഒരു മനുഷ്യപുത്രനുമില്ല. ശൈശവ വിവാഹമെന്ന് കേൾക്കുമ്പോൾ അതിൽ പെൺകുട്ടി മാത്രമാണു ശിശു. പുരുഷൻ പ്രായപൂർത്തിയെത്തിയവനായിരിക്കും. മുലപ്പാലിൻെറ മണം മാറാത്ത കൊച്ച് പെൺകുട്ടികളെ അവർ കാമാർത്തി തീർക്കാൻ ഉപയോഗിക്കുന്നു. ചമ്പലിൻെറ റാണി എന്ന് കുപ്രസിദ്ധി നേടിയ ഫൂലൻ ദേവിയെ ആ അവസ്ഥയിലേക്ക് നയിച്ചത് ബാല്യവിവാഹമാണു. ലൈംഗികമായി ഉപദ്രവിക്കുന്ന ഭർത്താവിൻെറ ക്രൂരത സഹിക്കാതെ അവൾ അയാളെ വിട്ട് പോന്നു. അവിടേയും സമുദായം അവളെ രക്ഷിച്ചില്ല. പിന്നെയെല്ലാം കഥ. പുരുഷൻ ഏകനായിരിക്കുന്നത് കണ്ട് അവനു വേണ്ടി സ്ത്രീയെ സ്രുഷ്ടിച്ചെങ്കിൽ പിന്നെ അവൾ അവൻെറ ഇഷ്ടത്തിനു വഴങ്ങണമെന്ന വാശി പുരുഷനുണ്ടാകാം. അതേപോലെ കൂടുതലും ബാല്യവിവാഹങ്ങൾ മുസ്ലീം സമുദായത്തിൽ നടക്കുന്നതിനു കാരണം നബിതിരുമേനിയുടെ നാലാമത്തെ ഭാര്യ അയിഷയെ അദ്ദേഹം നിക്കാഹ് കഴിക്കുമ്പോൾ അവർക്ക് ആറു വയസ്സായിരുന്നു എന്ന സംഭവത്തെ ആസ്പദമാക്കിയായിരിക്കാം.—(Sahih al-Bukhari, 7:62:64) പിന്നെ പത്ത് വയസ്സ് തികയുന്നതിനു മുമ്പ് അവളെ ഭാര്യയെന്ന നിലയിൽ കരുതി. പിന്നെ വെറും ഒമ്പത് വർഷം കൂടിയെ നബിതിരുമേനി ജീവിച്ചിരുന്നുള്ളു. യൗവ്വനാരംഭത്തിൽ പത്തൊമ്പതാം വയസ്സിൽ അവർ വിധവയായി.

പെൺകുട്ടികളെ വെറും ഉപഭോഗ വസ്തുവായി വിലപേശി വിൽക്കുന്നത് എത്രയോ ദയനീയം. ബാലവിവാഹങ്ങൾ ഒരു തരം കച്ചവടമാണു്. വിവാഹ കമ്പോളങ്ങളിൽ വിൽക്കപ്പെടുന്ന ചരക്കുകൾ ആകുന്നു പാവം പെൺകുട്ടികൾ. വടക്കെ ഇന്ത്യയിൽ ഈ ആചാരം ആരംഭിച്ചത് മുസ്ലീം ആക്രമണത്തോടെയാണെന്ന് കാണുന്നു. അവർ ഹിന്ദു പെൺകുട്ടികളെ ബലാത്സംഗം ചെയ്ത് മതപരിവർത്തനം നടത്തിയിരുന്നു. മാനഭംഗപ്പെട്ട പെൺകുട്ടിയെ സമൂഹം ഭ്രഷ്ടാക്കിയിരുന്നു. അവരെ കാപാലികന്മാർ കാമസംത്രുപ്തി വരുത്തി അവസാനം വേശ്യയെന്ന മുദ്ര കുത്തി പുർത്താക്കി. പ്രക്രുതിയും ഈശ്വരനും ഒരുമിച്ച് പ്രതിബിംബിക്കുന്ന സ്ത്രീ അങ്ങനെ വേശ്യയാകുന്നു. അവളെ വേശ്യയാക്കുന്നവനു "വിടൻ" എന്ന ഒരു ശബ്ദം നിലവിലുണ്ടെങ്കിലും ആരും അത് ഉപയോഗിക്കുന്നില്ല. ഇത് എത്രയോ നിക്രുഷ്ടം. ഈ വിവേചനമാണു എല്ലാ ദുരാചാരങ്ങൾക്കും തുടക്കം. ഇരയാകുന്നത് സ്ത്രീയും. പണ്ട് കാലത്തെ യുദ്ധങ്ങളും തന്മൂലം പെൺക്കുട്ടികളെ തട്ടികൊണ്ട്പോകലും ബാല്യവിവാഹത്തിനു കാരണമായി. ബഹുഭാര്യത്വം അനുവദനീയമല്ലായിരുന്നെങ്കിലും രാജാക്കന്മാർക്കും, പ്രഭുക്കന്മാർക്കും ചില പ്രത്യേക വിഭാഗങ്ങൾക്കും ഒന്നിൽ കൂടുതൽ ഭാര്യമാരുണ്ടായിരുന്നു. അത്തരം കിഴവ്നമാരുടെ ഇളയ ഭാര്യ എപ്പോഴും ചെറുപ്പമായിരിക്കും. വ്രുദ്ധനായ ഭർത്താവ് മരിച്ചാൽ ഈ കിളുന്ത് പെൺകുട്ടിയെ അയാളുടെ ചിതയിലിട്ട് കൊന്നിരുന്നു. പെൺക്കുട്ടി സ്വമനസ്സാലെ അതിൽ ചാടുന്നത് ചുരുക്കമാണു. സതിയനുഷ്ഠിച്ചു എന്ന് ആദരവോടെ അഭിമാനത്തോടെ പറയുന്നന്നവർ ഓർക്കുന്നില്ല ഒരു പുരുഷനും ഇത് വരെ സതിയനുഷ്ഠിച്ചിട്ടില്ലെന്നു. ഇവിടേ അമേരിക്കയിൽ ഒരു മലയാളി ഡോക്ടർ ഭാര്യയുടെ മരണത്തിൽ മനം നൊന്ത് ആത്മഹത്യ ചെയ്തതായി കേട്ടിട്ടുണ്ട്. അങ്ങനെ വിരലിലെണ്ണാവുന്നവർ ഇഹലോകവാസം മതിയാക്കിയിരിക്കും.

കന്യകാത്വം നഷ്ടപ്പെടുന്നതിനു മുമ്പ് വിധവകളായ ബാലവധുക്കളുടെ കഥകൾ നമ്മൾ വായിച്ചിട്ടുണ്ട്. ചിലരൊക്കെ വിവേകം വെടിഞ്ഞ് വികാത്തിനടിമയായപ്പോൾ അതിൻെറ ഉത്തരവാദിത്വം പൂർണ്ണമായി അവരിൽ നിക്ഷിപ്തമായി. അവർ ബഹിഷ്ക്കരിക്കപ്പെട്ടു. വേശ്യവ്രുത്തിയുടെ ആരംഭം ഇത്തരം ദുഷിച്ച സാമൂഹ്യാചാരങ്ങളിൽ നിന്നുണ്ടായിയെന്നത് കഷ്ടം തന്നെ. മനുഷ്യൻ സമൂഹ ജീവിയായത് അവനു തന്നെ വിനയായി. സമൂഹത്തിൻെറ ഇഷ്ടാനിഷ്ടങ്ങൽക്ക് ജീവിക്കേണ്ട ഗതികേട് വന്നത് മൂലം പല അക്രമങ്ങളും ദുഷ്ടന്മാർ നടത്തി. ഇന്ന് നാട്ടിൽ വർദ്ധിച്ച് വരുന്ന ബലാത്സംഗങ്ങൾക്ക് കാരണം പുരുഷനു ഒന്നും സംഭവിക്കുന്നില്ലയെന്നാണു. അഥാവാ ശിക്ഷക്കപ്പെട്ടാൽ അവനു തുടർന്ന് പഠിക്കാനുള്ള സാഹചര്യവും, കഴിക്കാൻ ഇഷ്ടഭക്ഷണമായ ചിക്കനും പൊറോട്ടയും ജയിലിൽ കിട്ടുന്നു. സമൂഹത്തിൽ ഒരു മാനഹാനിയുമില്ല. തന്നെയുമല്ല ഒരു ഹീറോ പരിവേഷവും. അത് കൊടുക്കുന്നത് സമൂഹമാണെങ്കിൽ

പിന്നെ കുറ്റം ചെയ്യുന്നവരെ എന്തിനു പഴിക്കണം.. വന്ദ്യവയോധികനും വിദ്യാ സമ്പന്നനുമായ ശ്രീ മൻ മോഹൻ സിങ്ങ്ജി വരെ കർത്തവ്യബോധത്തിൽ നിന്നും ഒഴിഞ്ഞ് മാറിയത് രാഷ്ട്രീയത്തിലെ ഭൂരിപക്ഷമെന്ന നീരാളിയുടെ പിടിത്തതിൽ കുടുങ്ങിയത്കൊണ്ടായിരിക്കാം. സൂര്യനെല്ലി കേസ്സിലെ പെൺകുട്ടിയെ കോടതിയിലേക്ക് കൊണ്ടു വന്നപ്പോൾ പൊതുജനം കൂക്കി വിളിച്ചതും പെൺകുട്ടിയെ അസഭ്യം പറഞ്ഞതും ടി.വി. സ്ക്രീനുകൾ കാട്ടുമ്പോൾ സമൂഹത്തിൻെറ പ്രതികരണം എങ്ങനെ എന്ന് നമുക്ക് മനസ്സിലാക്കാം. പെൺകുട്ടികളെ എത്രയും വേഗം വിവാഹം കഴിച്ചയക്കുക എന്ന് മാതാപിതാക്കൾ ചിന്തിക്കുന്നത് അതുകൊണ്ടാകാം. അത് പെൺകുട്ടിയുടെ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നു. അവളുടെ ആരോഗ്യത്തെ ബാധിക്കുന്നു. പക്ഷെ സമൂഹം. അത് ഡാമക്ലോസിൻെറ വാളു പോലെ എല്ലാവരുടേയും തലക്ക് മീതെ വീഴാൻ കാത്ത് നിൽക്കുന്നു. മനുസ്മ്രുതിയിൽ എട്ട് തരം വിവാഹത്തെക്കുറിച്ച് പറയുന്നുണ്ട്. അവ, ബ്രഹമ, ദൈവ, ആർഷ, ഗാന്ധർവ്വ, അസുര, രക്ഷസ, പ്രജാപത്യ, പൈശാച. ഹിന്ദു മതം വിവാഹത്തെ ഒരു പവിത്രബന്ധമായും ജീവിതാവസാനം വരെ പ്രതിജ്ഞബദ്ധതയോടെ അനുഷ്ഠിക്കേണ്ട ധർമ്മമായും കരുതുന്നു. ആർഷ ഭാരത സംസ്കാരത്തിൽ ബാലവിവാഹം പ്രചാരത്തിലിരുന്നില്ല,. ക്രുസ്തുവിനു മുമ്പും പിന്നീട് എഴുന്നൂറു ആണ്ടു വരേക്കും സ്ത്രീ പുരുഷന്മാർക്ക് യഥേഷ്ടം ഇണകളെ തിരഞ്ഞെടുക്കാനുള്ള സാതന്ത്ര്യമുണ്ടയിരുന്നു. സ്വയംവരം എന്ന സമ്പ്രദായം ഭാരതത്തിൽ മാത്രം നിലിവിലിരുന്ന ഒരാചാരമാണു. അവളെ രക്ഷിക്കാൻ പ്രതിശ്രുത വരൻ പ്രാപ്തനാണോ എന്ന ഒരു പരീക്ഷണത്തിൽ ജയിക്കുക എന്ന ഒരു നിബന്ധനയും ചിലർ വച്ചിരുന്നു. ക്രമേണ സർക്കാർ സമ്പ്രദായവും, രാഷ്ട്രീയവും കടന്ന് കയറിയപ്പോൾ സ്ത്രീക്ക് സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. മനു എഴുതി വച്ച് എന്ന് പറയപ്പെടുന്ന "ന സ്വാതന്ത്ര്യമർഹതി" എന്ന ഓലപാമ്പിനെ കാണിച്ച് സ്ത്രീയെ ഭയപ്പെടുത്തി കാര്യങ്ങളെല്ലാം തകിടം മറിഞ്ഞു. ഗർഭം ധരിക്കലും പ്രസവിക്കലും അവൾക്ക് ശാപമായി. സ്ത്രീക്ക് പ്രക്രുതി നൽകിയ അനുഗ്രഹ്ത്തെ പുരുഷന്മാർ ശാപമാക്കുന്നു

വൈദിക സിദ്ധാന്തം അനുസരിച്ച് ബാല വിവാഹം നിഷിദ്ധ്മാണു. വേദങ്ങൾ പറയുന്നത് വിവാഹ പ്രായം പുരുഷനു 25 വയസ്സും സ്ത്രീക്ക് പതിനെട്ടു വയസ്സുമാണു. വാസ്തവത്തിൽ ഭാരതമെന്ന രാജ്യ്മാണു യു.എന്നിൻെറ പ്രമേയത്തിൽ ആദ്യം ഒപ്പുവക്കേണ്ടിയിരുന്നത്. ബാല്യവിവാഹവും, അറബികല്ല്യാണങ്ങളും അങ്ങനെ ദുരാചാരങ്ങളുടെ ബലിയാടുകൾ ആകുന്നത് അവിടത്തെ പെൺക്കുട്ടികളാണ്. ജനാധിപത്യത്തിൽ അധിഷ്ഠിതമായ മതേതര രാഷ്ട്രം എന്ന് കടലാസ്സിൽ മാത്രം എഴുതിവച്ച് ഓരോ മതവിഭാഗത്തിൻേറയും സമൂഹത്തിനു ദോഷകരമെന്ന് ഗണിക്കപ്പെടുന്ന താൽപ്പര്യങ്ങൾക്ക് വഴങ്ങി ഭരണാധികാരികൾ ഓരോ കാലത്ത് ഓരോന്ന് ചെയ്യുന്നു. അതു കൊണ്ടു മുള്ളുകൾക്ക് പുണ്യകാലം. വാഴകൾക്ക് പരിക്കേൽക്കുന്നു. ഹിന്ദുമതാചാരപ്രകാരം ഒരാളുടെ ജീവിതത്തെ നാലായി തിരിച്ചിട്ടുണ്ട്. അത് ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം. ബ്രഹ്മചര്യം കഴിഞ്ഞിട്ടാണു വിവാഹം. ഈ ആനുകൂല്യം പെൺക്കുട്ടികൾക്കും ബാധകമാക്കിയാൽ നന്നായി. ബ്രഹ്മചര്യം അവസാനിക്കുന്നത് ഇരുപത്തിനാലാം വയസ്സിലണെനു തോന്നുന്നു. കൊച്ചുപെൺക്കുട്ടികളെ വിവാഹം കഴിക്കുകയില്ലേന്ന് പുരുഷന്മാർക്കും തീരുമാനിക്കാവുന്നതാണ്. ശൈശവിവാഹത്തിനെതിരെ ഒപ്പ് വക്കുന്നില്ലെങ്കിലും അതിനു പ്രേരിപ്പിക്കുകയോ, നിർബന്ധിക്കുകയോ ചെയ്യാത്തേടത്തോളം കാലം എല്ലാവർക്കും അവരവരുടെ ഭാവിക്ക് സുരക്ഷിതമായത് എന്തോ അത് ചെയ്യാം. ഒരു പ്രശ്നം ഉണ്ടാകുന്നത് ചില തൽപ്പര കക്ഷികൾ സർക്കാരിൻെറ മൗനം എളുപ്പമായി കണ്ട് നിരാലംബരായ പെൺകുട്ടികളുടെ ബ്വാലവിവാഹം നടത്തുകയോ, പ്രേരിപ്പിക്കുകയോ ചെയ്താൽ നിയമ സഹായം കിട്ടുകയില്ലെന്നാണു. വോട്ടിനു വേണ്ടി ആദർശങ്ങൾ ബലി കഴിക്കുന്നവരെ ഭരണം നടത്താൻ തിരഞ്ഞെടുക്കാതിരിക്കാൻ ഉത്തമ പൗരന്മാർ ശ്രമിച്ചാൽ ഇത്തരം അനീതികൾ തടയാം.

**ശുഭം**